# പ. കാതോലിക്കാബാവാ : പദവിയും അധികാരവും

**ഫാ. ഡോ. ടി. ഐ. വർഗ്ഗീസ്**
**ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി**

പദവിയും അധികാരവും, മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായുടേത്, എന്താണ് എന്ന തിനെ സംബന്ധിച്ച് ചില തർക്കങ്ങൾ നടന്നുവരുന്നതായ സാഹചര്യത്തിൽ ആധികാരികമായ ഒരഭിപ്രായം നടത്തുവാൻ തുനിയുന്നില്ലെന്നതിലുപരി മലങ്കരസഭയുടെ തനതായ കഴിഞ്ഞകാല അനുഭവവെളിച്ചത്തിൽ ഒരു പരിഹാരമല്ലേ ഉചിതമായതെന്നു തോന്നുന്നു. സഭാവിജ്ഞാനീയവും, ഓർത്തഡോക്സ് പാരമ്പര്യവും, ലത്തീൻ പാരമ്പര്യവും, നവീകരണരുടെ സമ്പ്രദായവും, നിയമങ്ങളുടെയും കോടതി അംഗീകാരങ്ങളു ടെയുമൊക്കെ പിൻബലം ഉചിതമായ നിലയിൽ അന്വേഷിച്ചു കണ്ടെത്താവുന്നതാണെങ്കിലും അവയെ മാത്രം അടിസ്ഥാനമാക്കി ഒരു പ്രശ്നപരിഹാരം നിർദ്ദേശിക്കേണ്ടതിന്റെ ആവശ്യമുണ്ടോ എന്നതും ചിന്തിക്കേണ്ട താണ്. ഇതോടകം മലങ്കരസഭയ്ക്ക് തനതായ സഭാപാരമ്പര്യവും ഭരണഘടനയും കോടതി വിധികളുമുള്ള പ്പോൾ എന്തിനു മറ്റുള്ളവരെ ആശ്രയിക്കണം.

**1. മലങ്കര സഭയുടെ കാതോലിക്ക ആരാണ്? അതു എന്ന്, എന്തിനുവേണ്ടി സ്ഥാപിതമായി?**

1912ൽ അത് സ്ഥാപിതമായത് സഭയിൽ വിഷമതകൾ അതിരൂക്ഷമായി നിലവിലിരുന്നപ്പോഴാണു. ഏക ദേശം 2000 വർഷത്തെ സഭാ പൈതൃകവും, പുരാതനത്വവും, അപ്പോസ്തോലിക ആരംഭവുമൊക്കെയുള്ള മലങ്കര നസ്രാണികൾക്ക് 1912ൽ മാത്രമാണല്ലോ, തങ്ങൾക്കൊരു പരമാദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന ഒരാളെ അതും തങ്ങളുടെ ഇടയിൽ നിന്നുതന്നെ ആവശ്യമാണെന്ന ബോധോദയമുണ്ടായതു. ഇതിനു സാഹചര്യ മൊരുക്കിയതാകട്ടെ ദീവന്നാസ്യോസ് ആറാമനും പാശ്ചാത്യ സുറിയാനി സഭാ പാത്രിയർക്കീസും തമ്മി ലുള്ള വടംവലിയായിരുന്നു. മലങ്കര മെത്രാനായ ദീവന്നാസ്യോസ് ആറാമനെ പാത്രിയർക്കീസിന്റെ സമ്പൂർണ്ണ അധീശത്വമംഗീകരിക്കുന്ന ഒരവസ്ഥയിൽ കൊണ്ടുവരാൻ മലങ്കരയിലെ അന്നത്തെ നേതൃത്വത്തിൽപ്പെട്ടവ രിൽ പ്രബലരായ ചിലർ ശ്രമിച്ചു. അതിനു അദ്ദേഹം വഴങ്ങാതെ വന്നപ്പോൾ മുടക്കിനു വിധേയമാക്കി നാണം കെടുത്തുക എന്ന തന്ത്രമാണു ആവിഷ്ക്കരിച്ചത്. മേലിൽ ഈ വിധമുള്ള അതിദാരുണമായ നാണംകെട്ട ഒരു അവസ്ഥ ഈ പുരാതന സഭയ്ക്കുണ്ടാകരുതെന്നു മുന്നിൽ കണ്ടുകൊണ്ട് സ്ഥാപിതമായതാണ് കാതോ ലിക്കാസ്ഥാനം. അതുസ്ഥാപിച്ച കാലത്തെ ബലഹീനതകളിൽ നിന്നൊക്കെ ഉയർന്നു ഇന്നതു മലങ്കരസഭ യിൽ സവിശേഷപരവും ഉത്തരവാദിത്തവുമുള്ളതുമായ സ്ഥാനവും, ബഹുമാനവും അധികാരവും വഹിച്ചു വരുന്നുവെന്ന വസ്തുത ഒരു യാഥാർത്ഥ്യമാണു. അതിന്റെ പദവിയും അധികാരവും ഇതോടകം തന്നെ പര സ്യമാണ്: ഭരണഘടനയിലും സമുന്നത കോടതിവിധി ന്യായങ്ങളിലും, 1912നുശേഷം ഇതേവരെയുള്ള സർവ്വ വ്യാപാരങ്ങളിലും. അങ്ങനെയല്ലെന്നു നിക്ഷേധിക്കുന്നവരെ കാണാമെങ്കിലും മലങ്കര ഓർത്തഡോക്സ് സഭ യിലുള്ളവരിൽ ആവിധം കാണാൻ കഴിയുന്നുമെന്നു വിചാരിക്കുന്നില്ല. മലങ്കരസഭയിലെ കാതോലിക്കേറ്റ് ഒരു യാഥാർത്ഥ്യമാണു. അതു മലങ്കര മെത്രാൻ സ്ഥാനവുമായി 1934 മുതൽ ഒന്നിച്ചു ഒരാളിലൂടെ പ്രവർത്തിച്ചുവരുന്നതും പരമോന്നത പദവിയും അധികാരവും വഹിച്ചുവരുന്നതുമാണ്. അവയെല്ലാം മല ങ്കര സഭയുടെ കാലാകാലങ്ങളിലെ തെരഞ്ഞെടുപ്പുകളും, ഉന്നത സമിതികളിലെ തീരുമാനപ്രകാരവും നട പ്പിൽ വന്നിട്ടുള്ളതാണ്. സഭാഭരണഘടനപ്രകാരം കാതോലിക്കായ്ക്ക് തുല്യരാണു മറ്റുള്ള മേല്പട്ടക്കാർ എന്നുപറയാൻ നിവൃത്തിയില്ല. ഭരണപരമായും അധികാരപരമായും പദവിയിലും അത് അതുല്യത നിലനി റുത്തുന്നു. അതുല്യതയെന്നതൊന്നില്ലെങ്കിൽ അതുവെറും ഒരു മെത്രാപ്പോലീത്തായോ മറ്റു സമാനമോ അസ മാനമോ ആയ സ്ഥാനം മാത്രമായി പരിമിതപ്പെട്ടേനെ!.

**2. കാതോലിക്ക ആര്?**

മലങ്കരയിലെ കാതോലിക്കാ മറ്റേതൊരു സഭയിലെ സഭാ പരമാദ്ധ്യക്ഷനെപ്പോലെ സഭയുടെ പരമോ ന്നതസ്ഥാനവും, അധികാരവും വഹിക്കുന്നു. കാതോലിക്കാ എന്നാൽ പാത്രിയർക്കീസ് എന്നുതന്നെയാണ്. ഉദാഹരണത്തിനു പൗരസത്യ സുറിയാനി സഭയിൽ ആരംഭിച്ച കാതോലിക്കാ സ്ഥാനം താമസിയാതെ തന്നെ പാത്രിയർക്കീസ് എന്ന നാമവും ധരിച്ചിരുന്നു എന്നതാണു ചരിത്രവസ്തുത. അതുകൊണ്ട് മലങ്കര ഓർത്ത ഡോക്സ് സഭാദ്ധ്യക്ഷൻ പത്രിയർക്കീസ് തന്നെയാണ്. തത്വത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ മല

യാളത്തും മലയാളത്തിനുപുറത്തും അങ്ങനെ ലോകമെമ്പാടുമുള്ള മലങ്കര ഓർത്തഡോക്സുകാരുടെ സഭാ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസാണ് കാതോലിക്കാ. ഈ വസ്തുത നിഷേധിക്കുന്നതു മലങ്കരസഭയിലെ മെത്രാന്മാരായാലും, സഭാംഗങ്ങളായാലും, ഇടവകകളായാലും. മാദ്ധ്യമ പ്രസ്ഥാനങ്ങളായാലും, പ്രസിദ്ധീ കരണങ്ങളായാലും അവ ലജ്ജാകരമെന്നേ പറക നിവൃത്തിയുള്ളൂ. ഈ സഭയിലെ മെത്രാന്മാരുടെ ഭദ്രാ സന മാറ്റങ്ങളും, ഭരണവിരാമമെന്നോക്കെയുള്ള കാര്യങ്ങൾ വന്നപ്പോളാണല്ലോ കാതോലിക്കായുടെ സ്ഥാനവും അധികാരവുമൊക്കെ ചോദ്യം ചെയ്യാൻ ചിലർ ഇരങ്ങിപ്പുറപ്പെട്ടിരിക്കുന്നതു! ഇവയൊക്കെയും നിശ്ചയമായും അടിയന്തിരമായി ഉന്നതസഭാസമിതികളിൽ ചർച്ചചെയ്തുതീരുമാനിച്ച്, സഭയുടെ ഭാവിയ്ക്കും, നന്മയ്ക്കും ഫലപ്രദമെങ്കിൽ നടപ്പിൽ വരുത്താനാണു ശ്രമിക്കേണ്ടതു. അല്ലാതെ കാതോലിക്കായുടെ പദ വിയും അധികാരവും ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്കു വലിച്ചിഴക്കയല്ല യോഗ്യമായിട്ടുള്ളതു.

**3. മലങ്കരസഭാ നേതൃത്വം ചരിത്രത്തിലൂടെ**

മലങ്കരസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ ആദ്യ 15 നൂറ്റാണ്ടുകളുടേത് അവ്യക്തമെങ്കിലും, ആ വ്യക്തതകളിലൂടെയും അതിനുശേഷമുള്ള കാലയളവുതൊട്ട് നാളിതുവരെയും കാണാവുന്നത്, മലങ്കര നസ്രാ ണിയ്ക്ക് ഒരു സഭാവിജ്ഞാനീയമോ, നിശ്ചിതരൂപമുള്ള സഭാഭരണശൈലിയോ, നേതൃത്വമോ ഇല്ലായിരു ന്നു. എന്നതാണ്. നസ്രാണികളുടെ പാരമ്പര്യം അവകാശപ്പെടുന്നതു മാർതോമ്മാ ശ്ലീഹാ സഭാകാര്യങ്ങൾ നടത്താൻ വേണ്ടി പകലോമറ്റവും മറ്റുമായ കുടുംബങ്ങളിലുള്ളവരെ നേതൃത്വം നൽകി ക്രമീകരണം ചെയ്തു എന്നാണെങ്കിലും പിന്നീടതു ഒരു അർക്ക്ദിയാക്കോണിൽ ഒതുങ്ങിയ സഭാസ്ഥാനവും ഭരണവുമായി പക ലോമറ്റം എന്നു കുടംബത്തിൽ മാത്രമായി പരിമിതപ്പെട്ട് **'ജാതിക്ക് തലവൻ'** അല്ലെങ്കിൽ **'മാർഗ്ഗതലവൻ'** എന്ന രീതിയായിട്ടാണു. 1653 വരെ ഒരു തദ്ദേശീയ മെത്രാൻ സ്ഥാനം വളർന്നില്ല. അതു അത്യാവശ്യമായി വന്നപ്പോൾ മേല്പട്ടസ്ഥാനം ലഭ്യമാക്കാൻ വേണ്ട യാതൊരു തര അനുകൂല സാഹചര്യവും സിദ്ധിച്ചില്ല. ഈ വീർപ്പുമുട്ടിയ സഹാചര്യത്തിലാണല്ലോ 12 പട്ടക്കാർ സമൂഹത്തിന്റെ ആഗ്രഹപ്രകാരം മാർ തോമാ ഒന്നാമന്റെമേൽ കയ്‌വയ്പ്പു നടത്തിയത്. അതാകട്ടെ ഒരു നൂറ്റാണ്ടിലധികം റോമൻ കത്തോലിക്കർ പരിഹ സിച്ചും പോന്നിരുന്നു. അന്ത്യോഖ്യാബന്ധം ആരംഭിച്ചതും.

അതിലൂടെ ഇവിടെ വന്ന മെത്രാന്മാരിലുടെ മേല്പട്ടസ്ഥാനം നിലനിറുത്തിയതും ഈ സാഹചര്യത്തി ലാണു. അന്ത്യോഖ്യാ പാത്രിയർക്കീസ് ഈ സാഹചര്യത്തിലൂടെ മലങ്കരസഭയെ ക്രമേണ അന്ത്യോഖ്യൻ സഭാപാരമ്പര്യത്തിലാക്കിയെങ്കിലും തന്റെ സമ്പൂർണ്ണ അധീശത്വമംഗീകരിച്ചുള്ള ഒരു സാഹചര്യത്തിലേക്കു നീക്കാൻ എത്ര പരിശ്രമിച്ചിട്ടും കഴിഞ്ഞില്ല. മലങ്കരസഭയിലെ ചില വിഭാഗങ്ങലെ കാലാകാലങ്ങളിൽ തന്റെ വശത്താക്കി ഈ ഉദ്ദേശ്യം നേടാനും ശ്രമിച്ചുപോന്നതാണല്ലോ അതിലെ ഒരു വിഭാഗം മാർതോമാക്കാരും വേറൊന്നു യാക്കോബായക്കാരുമാകാൻ സംഗതിയായത്. യാക്കോബായക്കാരെ വീണ്ടും തന്റെ സമ്പൂർണ്ണാ ധീശത്വമംഗീകരണത്തിൽ വരുത്താൻ ശ്രമിച്ചതാണ് പൊട്ടിത്തെറിയിൽ കലാശിച്ചതും ആ വിഭാഗത്തിന്റെയി ടയിൽ കാതോലിക്കാസ്ഥാപനത്തിനിടവരുത്തിയതും മലങ്കരസഭ കാലാകാലങ്ങളിൽ അനുഭവിച്ചുവന്നതായ തദ്ദേശീയമായ ആന്തരിക സഭാസ്വാതന്ത്ര്യം വീണ്ടെടുത്ത ഒരു പ്രക്രിയയാണ് കാതോലിക്കേറ്റിൽ കാണുന്ന ത്. കാതോലിക്കേറ്റിലൂടെ മലങ്കര സഭ അതിന്റെ സ്വാതന്ത്രാഭിലാക്ഷം സമ്പൂർണ്ണതയിൽ വീണ്ടെടുത്തിട്ടില്ലെ ങ്കിലും പാത്രിയർക്കീസിനെ അകറ്റി നിറുത്താൻ കഴിഞ്ഞുവെന്നത് ഒരു നിസ്സാര സംഗതിയല്ല. കാതോലി ക്കേറ്റ് സ്വതന്ത്രയായി വളരുന്നു, അതിന്റെ അധികാരങ്ങളും പദവികളും വിസ്തൃതമാക്കുന്നു എന്ന പരാധി യാണല്ലോ 20-ാം നൂറ്റാണ്ടിലെ രണ്ടാം മലങ്കരസഭാ വിഭജനത്തിലെ പ്രധാന കാരണങ്ങൾ. ഇവയിലൂടെയെല്ലാം കാതോലിക്കേറ്റ് ശക്തിയാർജ്ജിക്കുകയാണുണ്ടായത്. ഇതിനു കാതോലിക്കേറ്റും അതിലെ ജനങ്ങളും, സഭാ നേതൃത്വമലങ്കരിച്ചവരായ അത്മായരും ഇടയന്മാരും സുപ്രധാന പങ്കുകൾ വഹിച്ചിട്ടുണ്ട് എന്ന വസ്തുത പാടെ വിസ്മരിക്കാൻ ഇപ്പോൾ ഉള്ള സഭാ നേതൃത്വത്തിലിരിക്കുന്ന ചില മെത്രാപ്പോലീത്തമാരും അവരുടെ പിന്നിലുള്ള ചില സ്വർത്ഥലക്ഷ്യങ്ങളുള്ള അണികളും പരിശ്രമിക്കുന്നത് അതീവ ലജ്ജാകരമെന്നേ പറവാൻ നിവൃത്തിയുള്ളു. മലങ്കരയിലെ കാതോലിക്കേറ്റ് വളർന്നുകൊണ്ടാണിരിക്കുന്നത്. അത് വളരുന്തോറും അതിന്റെ പദവിയും അധികാരവും വർദ്ധിച്ചുകൊണ്ടേയിരിക്കുമെന്നത് സ്വാഭാവിക പ്രക്രിയ മാത്രമാണ്. നല്ല ലക്ഷ്യ ത്തോടെ അവയെ ശക്തീകരിക്കാതെ അനാവശ്യമായ പരാമർശങ്ങൾ ആക്ഷേപിച്ച് തളർത്തുന്നത് യാതൊ രുവിധത്തിലും ഭൂഷണമല്ല.

മലങ്കരയിലെ കാതോലിക്കായ്ക്കു ഉള്ള പദവിയും അധികാരവു മലങ്കരസഭ തന്നെ കാലാകാലങ്ങ ളിൽ അംഗീകരിച്ച് നൽകിയിട്ടുള്ളവകളാണ്. അതല്ലാതെ സ്വയമാർജ്ജിച്ചിട്ടുള്ളതല്ല. അതുകൊണ്ട് അവ അംഗീ കരിച്ച് വളർത്തി പരിപോഷിപ്പിക്കേണ്ടത് സഭയുടെ ആവശ്യവുമാണ്.

**4. അധികാരവും പദവിയും**

കാതോലിക്കായുടെ പദവിയും അധികാരവും ചുരുക്കത്തിൽ മൂന്നു പദങ്ങളിൽ സംഗ്രഹിക്കാവുന്നതാണ്. അദ്ദേഹം മലങ്കരസഭയുടെ **സഭാപരവും, വൈദികവും ആത്മീകവുമായ** അധികാരങ്ങളുടെ പ്രധാന ഭാരാഭാഗിത്ത്വം വഹിക്കുന്നു. ഭരണഘടന, കോടതിവിധികൾ, നിലവിലുള്ള സഭാസംവിദാനങ്ങളെല്ലാം ഈ വസ്തുതകളാണ് ഉദ്ഘോഷിക്കുന്നത്. അദ്ദേഹം മലങ്കരമെത്രാനും കാതോലിക്കായുമാണ്. അദ്ദേഹത്തിനു തുല്യരും സമരുമൊന്നുമല്ല മറ്റുള്ളവരായ അതേ സഭയിലെ മേല്പട്ടക്കാരെല്ലാം തന്റെ കൂടെയുള്ള സഹോദര മെത്രാൻന്മാരുടേയും, സഭാസമിതികളിലെ അംഗങ്ങളുടെ ആലോചനയോടും അംഗീകാരത്തോടും കൂടിയാണ് സർവ്വകാര്യങ്ങളും കാര്യക്ഷമമാക്കുന്നത്. അദ്ദേഹം മലങ്കര സഭയുടെ ഒരു ഏകാധിപതിയായി ചിത്രീകരിക്കേണ്ട ആവശ്യമില്ല. സഭ ഭരമേല്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ യഥായോഗ്യം നിർവ്വഹിച്ചുപോരുന്നു.

മറ്റുള്ള സഭാധ്യക്ഷൻന്മാരുമായി താരതമ്യത്തിന്റെ പ്രസക്തിയേ ഉദിക്കുന്നില്ല. മുൻഗണനയോ, പിൻഗണനയോ പുരാതന റോമാ സാമ്രാജ്യത്തിലെ പാത്രിയർക്കീസന്മാരുമായിട്ട് താരതമ്യത്തിൽ വരുമ്പോൾ പ്രസക്തമല്ല. മലങ്കര ഓർത്തഡോക്സ്കാരെ സംബന്ധിച്ചിടത്തോളം മലങ്കരസഭയുടെ 'സുപ്രീമോ', (പരമാദ്ധ്യക്ഷൻ) അദ്ദേഹം മാത്രമാണ്. അന്ത്യോഖ്യാ പാത്രിയർക്കീസുമായും താരമത്യം ആവശ്യമുള്ളതല്ല. മലങ്കരയിൽ പാത്രിയർക്കീസുമായും താരതമ്യം ആവശ്യമുള്ളതല്ല. മലങ്കരയിൽ പാത്രിയർക്കീസിനു വൈദികവും, ഭരണപരവും, ആത്മീകവുമായ യാതൊരധികാരവുമില്ല അതെല്ലാം കാതോലിക്കായുടേതുമാത്രം.

മലങ്കര സഭയുടെ സമ്പൂർണ്ണ ഭരണാധിപതി കാതോലിക്കയായിരിക്കുമ്പോൾ തന്റെ അധീശത്വത്തിലുള്ള മെത്രാന്മാരെ സ്ഥലം മാറ്റാനും വിരമിപ്പിക്കാൻ വിടാനും വേണ്ടി ഉചിമതമായ നിശ്ചയങ്ങൾ എടുക്കാൻ കാതോലിക്കായ്ക്കും അനുബന്ധ സഭാഭരണ സംവിധാനങ്ങൾക്കും അവകാശവും അധികാരവുമുണ്ട്. അതുചോദ്യം ചെയ്യാവുന്നതാണെന്നുതോന്നുന്നില്ല. ചോദ്യം ചെയ്യുന്നത് മുട്ടായുക്തിയെന്നേപറയാവൂ. കാലത്തിന്റെ ആവശ്യമനുസരിച്ച് സമുചിത തീരുമാനങ്ങളെടുത്ത് പ്രാവർത്തികമാക്കി സഭയ്ക്ക് ഗുണം ചെയ്കയാണുവേണ്ട്.

**5.സമാപനം**

1. മലങ്കര സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ കണ്ടുവരുന്നതു അതിന്റെ നേതൃത്വം കാലാകാലങ്ങളിൽ ദാരുണാനുഭവങ്ങളിലൂടെ കടന്നുപോയാണു വളരെയധികം നഷ്ടങ്ങൾ അനുഭവിച്ചും വിശ്രമമില്ലാതെ പരിശ്രമിച്ചുമാണ് ഇന്നീനിലയിലുള്ള കാതോലിക്കേറ്റ് വളർത്തിയെടുത്തിട്ടുള്ളത് എന്നതാണ്. ആവിധം ചെയ്തിട്ടുള്ളവർ ഉദ്ദേശിച്ചിട്ടുള്ളത് ഇന്നു ആ സ്ഥാനമലങ്കരിക്കുന്നവർ ആ സ്ഥാപനത്തിന്റെ പദവിയും അധികാരവും നിലനിർത്തിക്കൊണ്ടുപോകാൻ വേണ്ടിയാണ്. എന്നാൽ അതനുഭവിക്കാൻ വിടില്ല എന്നു ശഠിക്കുന്നത് അസൂയയെന്നല്ലാതെ മറ്റൊന്നുമല്ല. ഈ സ്ഥാനമലങ്കരിക്കാൻ ഭാവിയിൽ ചിലർക്കു തടസ്സമുണ്ട്. അതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളെ താറുമാറാക്കാൻ പറ്റുന്നിടത്തോളം പ്രവർത്തിക്ക എന്നതായിരിക്കാം ദുരുദ്ദേശം. ഈ പ്രവണതയെ വേണ്ടവിധം തിരിച്ചറിയേണ്ടതും പരിഹരിക്കേണ്ടതുമാണ്.
2. മലങ്കരയിലെ കാതോലിക്കേറ്റ് ആ സഭയുടെ അത്യാവശ്യമനുസരിച്ച് മാത്രം ഉണ്ടായതാണ്. മറ്റു സഭാപാരമ്പര്യങ്ങളിലുള്ള ഈ വിധസ്ഥാപനങ്ങളുമായോ, പദവികളുമായോ യാതൊരുവിധ താരതമ്യത്തിന്റേയും ആവശ്യമുള്ളതല്ല. കാനോനിക അടിത്തറയും, സഭാവിജ്ഞാനീയവും മറ്റുള്ളവരുടേതുപോലെ അതിനാവശ്യമില്ല. മലങ്കരസഭയുടെ സുഗമവും, കാര്യക്ഷമവുമായ നടത്തിപ്പിനിത് അത്യന്താപേക്ഷിതമെന്ന് ബോദ്ധ്യമായിരിക്കെ ആസ്ഥാനത്തേയും, അതലങ്കരിക്കുന്നവരേയും ഉത്തരോത്തരം അവരുടെ സഭാദൗത്യങ്ങൾ നിർവ്വഹിക്കുന്നുതിനുവേണ്ടി ശക്തീകരിക്കുക. ഇതിനു വേണ്ടതായ അടിത്തറ മലങ്കര സഭ തന്നെ കാലാകാലങ്ങളിൽ നിലവിൽ വരുത്തിയിട്ടുണ്ട്. അവ മതിയാകും. അവ നിലനിർത്താൻ മലങ്കരസഭയിലെ മെത്രാപ്പോലീത്താമാർക്ക് തികഞ്ഞ ഉത്തരവാദിത്തമുണ്ട്. ഇല്ലാത്ത വിവാദങ്ങളിലേക്ക് വലിച്ചിഴച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ആർക്കും കഴിഞ്ഞേക്കാം. എന്നാൽ പരിഹാരം ബുദ്ധിമുട്ടാകും. ദയവുചെയ്തു അതുണ്ടാകരുത്.
3. മലങ്കരയിലെ മെത്രാപ്പോലീത്താമാർക്ക് ഇടവക മാറാനും വിരമിക്കാനും പ്രയാസമാണെങ്കിൽ അവ അതിനു വേണ്ടിയുള്ള സഭാസമിതികളിൽ ചർച്ചചെയ്തു തീരുമാനിച്ചിട്ട് ഏകാഭിപ്രായത്തോടെ നടപ്പിലാക്കണം. ഇതിന്റെ പേരിൽ കാതോലിക്കായുടെ സ്ഥാനവും, അധികാരവും, പദവിയും ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. വിവാദവിഷയവുമാക്കേണ്ടതില്ല.